**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**പോലീസ് ഉദ്യോഗസ്ഥർക്ക് സ്വകാര്യ ചടങ്ങുകളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 116 26/02/2018-ൽ മറുപടിക്ക്**

| **ചോദ്യം**<br>**ശ്രീ.സി.മമ്മൂട്ടി** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് ,സംസ്ഥാനത്തെ പോലീസ് മേധാവിയും ഉപമേധാവികളുമുൾപ്പെടെ ഉന്നത പോലീസ് ഉദ്യോഗസ്ഥരിൽ ആരൊക്കെ എത്ര സ്വകാര്യ സ്ഥാപനങ്ങളുടെയോ/ ചടങ്ങുകളുടെയോ ഉദ്ഘാടന/അനുബന്ധ ചടങ്ങുകൾ നടത്തുകയോ അവയുടെ വേദി പങ്കിടുകയോ ചെയ്യുകയുണ്ടായി എന്നതു സംബന്ധിച്ച കണക്ക് ഗവൺമെന്റിന്റെ പക്കലുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കാമോ ; | (എ), (ബി), (സി), (ഡി), (ഇ) & (എഫ്) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | പ്രസ്തുത അധികാര സ്ഥാനങ്ങളിലുള്ളവർക്ക് സ്വകാര്യ ചടങ്ങുകളിൽ പങ്കെടുക്കുകയോ ഉദ്ഘാടനം നടത്തുകയോ ചെയ്യുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതിയ്ക്കായി എത്ര റിക്വസ്റ്റുകൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്, അവയിൽ എത്ര എണ്ണത്തിന് ഗവൺമെന്റ് അനുമതി നൽകി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ; | | |
| (സി) | ഔദ്യോഗിക അനുമതി ലഭിക്കാതെ എത്ര ചടങ്ങുകളിൽ പ്രസ്തുത ഉദ്യോഗസ്ഥർ പങ്കെടുത്തു എന്ന് അറിയിക്കാമോ; | | |
| (ഡി) | ഇത്തരം നടപടികൾ വീക്ഷിക്കുന്നതിനും നടപടി എടുക്കുന്നതിനും ഗവൺമെന്റ് തലത്തിൽ നിലവിലുള്ള സംവിധാനം എന്താണ് എന്ന് വിശദമാക്കാമോ; | | |
| (ഇ) | ഇത്തരം എത്ര കേസ്സുകളിൽ നടപടി സ്വീകരിക്കുന്നതിന് ശിപാർശ നൽകിയെന്നും ആയതു പ്രകാരം എന്തെല്ലാം ശിക്ഷണ നടപടികൾ ഈ കാലയളവിൽ എത്ര കേസ്സുകളിൽ സ്വീകരിച്ചു എന്നതും സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കുമോ; | | |
| (എഫ്) | മേൽപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ടതും ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതുമായ എത്ര കേസ്സുക ളിൽ സർക്കാർ ശിക്ഷ ഇളവാക്കി നൽകി എന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ